തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ്
അഞ്ചാം നില, സ്വരാജ് ഭവൻ
നന്തൻകോട് പി.ഒ, കവടിയാർ പി.ഒ
തിരുവനന്തപുരം - 695003.

Phone : 0471-2324030
e-mail : celsgd@gmail.com
website : www.celsgd.kerala.gov.in

**നം. ഇ9-2252/2020/സിഇ/തസ്വഭവ** **തീയതി 30.05.2022**

# സർക്കുലർ

വിഷയം : തസ്വഭവ (LID&EW) - ജീവനക്കാര്യം - രണ്ടാംതരം ഓവർസിയർമാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തതിന്റെ വിശദാംശങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്

തദ്ദേശ സ്വയംഭരണ വകുപ്പ് (LID & EW)-ൽ ഒന്നാംതരം ഓവർസിയർ തസ്തികയിലെ നിലവിലുള്ള ഒഴിവിലേയ്ക്കും, ഒന്നാംതരം ഓവർസിയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം മുഖേനയും നിലവിൽ വന്നേയ്ക്കാവുന്നതുമായ ഒഴിവുകളിലേയ്ക്ക് രണ്ടാംതരം ഓവർസിയർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകുന്നതിലേയ്ക്കായി ടി സ്ഥാനക്കയറ്റത്തിന് മാനദണ്ഡപ്രകാരം അർഹരായ ജീവനക്കാരും (റാങ്ക് നം. 1195 വരെ) നിലവിൽ ഒന്നാംതരം ഓവർസിയർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കാത്തവരുമായ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്തത് (PEN, ജനനതീയതി ഉൾപ്പെടെ) ബന്ധപ്പെട്ട നിയന്ത്രണാധികാരി സാക്ഷ്യപ്പെടുത്തിയതിന്റെ പകർപ്പ് **10.06.2022-ന്** മുൻപ് ഈ കാര്യാലയത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു. മേൽ വിഷയം വളരെ അടിയന്തിര പ്രാധാന്യമുള്ളതായതിനാൽ നിശ്ചിത തീയതിയ്ക്കുള്ളിൽ തന്നെ പ്രസ്തുത രേഖകൾ സമർപ്പിക്കേണ്ടതാണ്. വിജിലൻസ് കേസോ അച്ചടക്ക നടപടികളോ നിലവിലുള്ളതിനാൽ സ്ഥാനക്കയറ്റം ലഭിക്കാത്ത ജീവനക്കാർ ആയത് തീർപ്പാക്കിയതിന്റെ രേഖകൾ ഉൾപ്പെടെ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**ജൂനിയർ സൂപ്രണ്ട്**

P 500